**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പ് വഴി ഗ്രാമീണ മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമീണ മേഖലയുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (എ) | **അംബേദ്കർ ഗ്രാമം പദ്ധതി, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികളാണ് ഗ്രാമീണ മേഖലയുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഗ്രാമീണ മേഖലയുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## (1) അംബേദ്കർ ഗ്രാമം പദ്ധതി -

അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും 1 കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതി 2016-17 മുതൽ വകുപ്പ് നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കുന്ന കോളനികളിൽ നിർമ്മാണ പ്രവർത്തികൾ നിർവ്വഹിക്കുന്നത് ഗവ. അക്രഡിറ്റഡ് ഏജൻസികളാണ്. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് ഓരോ കോളനിയിലും നടപ്പിലാക്കുന്നത്.

1. ഇന്റേണൽ റോഡ്/ ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രൈനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൌകര്യം മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ) സ്ഥലം ലഭ്യമാണെങ്കിൽ
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ /വീവിംഗ്/കരകൌശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി).

(2)കോർപ്പസ് ഫണ്ട്

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന മാനവ വിഭവശേഷി വികസന അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം പോലുള്ള പദ്ധതികളിലുള്ള നിർണ്ണായക വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട്. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പദ്ധതി തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു . പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്കുള്ള ഭരണാനുമതികൾ നൽകാവുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നത്.

1. **കുടിവെള്ള വിതരണം:** പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും , ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പ് നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.
2. **ഗതാഗത സൗകര്യ വികസനം:** കോളനിക്കുള്ളിലെ റോഡുകൾ ,സംരക്ഷണ ഭിത്തി ,കലുങ്ക് എന്നിവയ്ക്ക്
3. **വൈദ്യുതി വിതരണം:** പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ , കോളനിക്കുള്ളിലെ വഴിവിളക്കുകൾ
4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം ,സംസ്കാരം ,കായികം തുടങ്ങിയ) ഉതകുന്ന പ്രോജക്ടുകൾ